(ഡി) 2002 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കെ.എസ്. ഐ.ഡി.സി. ആഗോള ടെൻഡർവിളിച്ച വർക്കുകൾ എപ്രകാരം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ബി.ഒ.റ്റി. അടിസ്ഥാനത്തിലാണ് ഇവയുടെ വർക്കുനടത്തുന്നതെങ്കിൽ ഇവ എന്നത്തേയ്ക്ക് സംസ്ഥാനഗവൺമെന്റിന് ട്രാൻസ്ഫർ ചെയ്തുതരാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഇ) സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ പ്രോജക്ടുകൾക്കൊന്നും തന്നെ കെ.എസ്.ഐ.ഡി.സി. ടെൻഡർ വിളിച്ചിട്ടില്ല. പുതിയ വ്യവസായങ്ങൾ തുടങ്ങുവാനായി വ്യവസായ സംരംഭകരിൽനിന്നും താൽപര്യപ്രകാരം ക്ഷണിക്കുകമാത്രമാണ് ചെയ്തത്.

ആഗോള നിക്ഷേപക സംഗമത്തിൽ കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച പദ്ധതികൾ

7 (4167) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപക സംഗമത്തിൽ കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) 'ജിം' ൽ ഒപ്പു വച്ചതും പിന്നീട് മന്ത്രിസഭ അംഗീകരിച്ചതുമായ പദ്ധതികളുടെ നടത്തിപ്പിന്റേയും മേൽനോട്ടത്തിന്റേയും ചുമതല കെ.എസ്.ഐ.ഡി.സി. യ്ക്കാണോ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുള്ളതും പൂർത്തിയാക്കിയിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെ ആണെന്ന് വ്യക്തമാക്കാമോ ;

(ഇ) കെ.എസ്.ഐ.ഡി.സി. യുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ആഗോള നിക്ഷേപക സംഗമത്തിൽ കെ.എസ്.ഐ.ഡി.സി. യുടേതുൾപ്പെടെയുള്ള പദ്ധതികൾ വ്യവസായ വകുപ്പാണ് സമർപ്പിച്ചത്. അവയിൽ ചിലതുൾപ്പെടെ 24 പദ്ധതികൾക്കാണ് കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രങ്ങൾ ഒപ്പു വച്ചത്. വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രം ഒപ്പുവച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ചുമതല കെ.എസ്.ഐ.ഡി.സി.-ക്കാണ്. മറ്റുള്ളവ നടപ്പിലാക്കുന്നതിന്റെ ചുമതല അതാതു വകുപ്പുകൾക്കാണ്.

(ഡി) 2001 മെയ് മാസത്തിനുശേഷം കെ.എസ്.ഐ.ഡി.സി. ബോർഡ് നിക്ഷേപ തീരുമാനമെടുത്ത 67 പദ്ധതികളിൽ പണി പൂർത്തിയാക്കി പ്രവർത്തന മാരംഭിച്ചിട്ടുള്ള 24 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

(ഇ) ഇപ്പോൾ നിർമ്മാണ ഘട്ടങ്ങളിലിരിക്കുന്ന 39 പദ്ധതികളുടേയും ധാരണാപത്രങ്ങളൊപ്പുവച്ചിട്ടുള്ള 38 പദ്ധതികളുടേയും വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

'ജിം' പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ സമിതി

8 (4168) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപക സംഗമത്തിൽ ഒപ്പിട്ട എം.ഒ.യു.കൾ സാധ്യതപ്രായമാക്കുന്നതിനുള്ള നടപടിക്രമമെന്താണ് ;

(ബി) പ്രസ്തുത സംഗമത്തിൽ പരിപാടികൾ സമർപ്പിച്ച വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവരവർ സമർപ്പിച്ച പദ്ധതികളെയും അതിൽ താല്പര്യം പ്രദർശിപ്പിച്ചവരെയും പിൻതുടർന്ന് അവ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ വിദഗ്ദ്ധന്മാരടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ അവയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നവർ ആരെല്ലാമാണെന്നുകാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ധാരണാപത്രങ്ങൾ ഒപ്പിട്ട വകുപ്പുകൾക്കാണ് അതാത് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടുന്ന തുടർ നടപടി സ്വീകരിക്കുവാനുള്ള ചുമതല. 'ജിം' പദ്ധതികളുടെ പുരോഗതി നിക്ഷേപ പ്രോത്സാഹന ബോർഡ് വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് തത്വാധിഷ്ഠിത അനുമതി നൽകുവാനായി ശുപാർശ ചെയ്യുകയും ചെയ്യുന്നു. മന്ത്രിസഭാ യോഗത്തിൽ പരിശോധിച്ചതിനു ശേഷമാണ് സർക്കാർ അനുമതി നൽകുന്നത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly